بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

# Khutba Khulasa 05.02.2021 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം***

## ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ(റ) – ഭാഗം(3)

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝۲ اَلرَّحْمٰنِ الرَّحِيْمِ ۝۳ مٰلِكِ يَوْمِ الدِّيْنِ ۝۴ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝۵

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝۶ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝۷

തശഹ്ഹുദും തഅവ്വുദും സൂറ: ഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ പറഞ്ഞു:

ഹദ്റത്ത് ഉസ്മാൻ(റ)ന്റെ അനുസ്മരണമാണ് നടന്നു വരുന്നത്. അദ്ദേഹത്തിന്റെ യുദ്ധങ്ങളെ സംബന്ധിച്ചാണ് പറഞ്ഞു വരുന്നത്.

ഒരു യുദ്ധം ദാത്തുർ റിഖാഅ് യുദ്ധമാണ്. നബി കരീം(സ) നജദിൽ ഗത്ഫാന്റെ ഗോത്രങ്ങളായ ബനൂ സഅലബയേയും ബനൂ മഹാരിബിനേയും ആക്രമിക്കാൻ 400 പേരടങ്ങുന്ന, ഒരു നിവേദനമനുസരിച്ച് 700 സ്വഹാബാക്കളുടെ ഒരു സംഘത്തോടൊപ്പം പുറപ്പെട്ടു. മദീനയിൽ ഹദ്റത്ത് ഉസ്മാനെ അമീർ ആയി നിശ്ചയിച്ചു. ഒരു നിവേദന പ്രകാരം ഹദ്റത്ത് അബൂദർ ഗഫ്ഫാരിയെ അമീർ ആയി നിശ്ചയിച്ചു. തിരുനബി(സ) നജദിൽ നഖൽ എന്ന സ്ഥലത്തെത്തി. അതിനെ ദാത്തുൽ റിഖാഅ് എന്നു പറയുന്നു. അവിടെ തിരുനബിക്ക് എതിരിൽ ഒരു വലിയ സൈന്യം തയ്യാറായിരുന്നു. രണ്ട് സൈന്യങ്ങളും പരസ്പരം മുഖാമുഖം വന്നെങ്കിലും യുദ്ധം ഉണ്ടായില്ല.

തബൂക്ക്യുദ്ധത്തിന് ഹദ്റത്ത് ഉസ്മാന് സാമ്പത്തിക സേവനത്തിന് ലഭിച്ച സൗഭാഗ്യത്തെ പറ്റി ഇപ്രകാരം വിവരണം കാണാം; ഈ യുദ്ധത്തിനുള്ള തയ്യാറെടുപ്പിന് തിരുനബി(സ) ആഹ്വാനം ചെയ്തപ്പോൾ ഹദ്റത്ത് ഉസ്മാൻ, സിറിയയിലേക്ക് കച്ചവടത്തിനു വേണ്ടി തയ്യാറാക്കിയിരുന്ന 100 ഒട്ടകത്തിന്റെ സംഘത്തെ അവയുടെ ഇരിപ്പിടവും പല്ലക്കും സമേതം സമർപ്പിക്കുകയുണ്ടായി. തിരുനബി(സ) വീണ്ടും ഈ യുദ്ധത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് വിളംബരം ചെയ്തപ്പോൾ ഹദ്റത്ത് ഉസ്മാൻ വീണ്ടും നൂറ് ഒട്ടകങ്ങളെ അവയിലെ ഇരിപ്പിടവും പല്ലക്കും സഹിതം തയ്യാറാക്കി സമർപ്പിച്ചു. തിരുനബി(സ) വീണ്ടും ആഹ്വാനം ചെയ്തപ്പോൾ മൂന്നാമത്തെ തവണയും 100 ഒട്ടകങ്ങളെ ഇരിപ്പിടങ്ങളും പല്ലക്കുകളും സഹിതം വീണ്ടും തിരുനബി(സ)ന്റെ സവിധത്തിൽ സമർപ്പിക്കുകയുണ്ടായി. തിരുനബി(സ) മിമ്പറിൽ നിന്ന് ഇറങ്ങിയ ശേഷം പറഞ്ഞു: **മാ അലാ ഉസ്മാന മാ അമില ബഅദ ഹാദിഹി, മാ അലാ ഉസ്മാന മാ അമില ബഅദ ഹാദിഹി** ഇതിനുശേഷം ഉസ്മാൻ എന്തുതന്നെ ചെയ്താലും ശിക്ഷിക്കപ്പെടുന്നതല്ല. ഇതിനുശേഷം ഉസ്മാൻ എന്തുതന്നെ ചെയ്താലും ശിക്ഷിക്കപ്പെടുന്നതല്ല.

ഇതുകൂടാതെ ഉസ്മാൻ 200 ഔഖിയ സ്വർണ്ണവും തിരുനബി(സ)ന്റെ സവിധത്തിൽ സമർപ്പിക്കുകയുണ്ടായി. മറ്റൊരു നിവേദനത്തിൽ പറയുന്നു: ഹദ്റത്ത് ഉസ്മാൻ എത്തി തിരുനബി(സ)ന്റെ മടിയിൽ ആയിരം ദീനാർ ഇട്ടുകൊടുത്തു. അപ്പോൾ തിരുമേനി(സ) മടിയിൽ ഇട്ട ദീനാറുകൾ തിരിച്ചും മറിച്ചും നോക്കിയശേഷം രണ്ടു തവണ ഇങ്ങനെ പറഞ്ഞു: **മാ ളർറ ഉസ്മാന മാഅ്മില ബഅദൽ യൗം** ഇന്നത്തെ ദിവസത്തിനുശേഷം ഉസ്മാൻ എന്തുചെയ്താലും അദ്ദേഹത്തിന് ഒരു നഷ്ടവും വരുന്നതല്ല. ഒരു നിവേദനമനുസരിച്ച് ആ സന്ദർഭത്തിൽ ഹദ്റത്ത് ഉസ്മാൻ 10000 ദീനാർ നൽകിയപ്പോൾ തിരുനബി(സ) ഹദ്റത്ത് ഉസ്മാന് വേണ്ടി ഇങ്ങനെ ദുആ ചെയ്തു: അല്ലയോ ഉസ്മാൻ! നീ രഹസ്യമായും പരസ്യമായും ഖിയാമത്ത് വരെ ചെയ്യുന്ന എല്ലാ കാര്യവും അല്ലാഹു നിനക്ക് പൊറുത്ത് തരുമാറാകട്ടെ. ഇതിനുശേഷം അദ്ദേഹം എന്ത് ചെയ്താലും അതിൽ ആശങ്കപ്പെടേണ്ടതില്ല.

ഒരു നിവേദനം അനുസരിച്ച് അദ്ദേഹം യുദ്ധത്തിനുള്ള തയ്യാറെടുപ്പുകൾക്കുവേണ്ടി ആയിരം ഒട്ടകങ്ങളും 70 കുതിരകളും സമർപ്പിച്ചു. മറ്റൊരു നിവേദനമനുസരിച്ച് തിരുനബി(സ) ആ സന്ദർഭത്തിൽ ഹദ്റത്ത് ഉസ്മാനോട് പറഞ്ഞു: ഉസ്മാൻ! ഖിയാമത്ത് വരെ നീ രഹസ്യമായോ പരസ്യമായോ ചെയ്യുന്ന എല്ലാ കാര്യങ്ങളും അല്ലാഹു നിനക്ക് പൊറുത്തു നൽകുമാറാകട്ടെ. ഇതിനുശേഷം ഇദ്ദേഹം എന്ത് ചെയ്താലും അല്ലാഹു അത് ഗൗനിക്കുന്നതല്ല. മറ്റൊരു നിവേദനത്തിൽ പറയുന്നു: തിരുനബി(സ) ആ സന്ദർഭത്തിൽ ഉസ്മാനു വേണ്ടി ഇപ്രകാരം ദുആ ചെയ്തു; അല്ലാഹുവേ! നീ ഉസ്മാനോട് സംതൃപ്തനായാലും കാരണം ഞാൻ അദ്ദേഹത്തിൽ സംതൃപ്തനാകുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു : ഒരിക്കൽ തിരുനബി(സ) പുറത്തേക്ക് വന്നു പറഞ്ഞു: ഇന്ന് യാത്രക്ക് നമ്മുടെ സൈന്യം പോവുകയാണ്. പക്ഷേ വിശ്വാസികളുടെ പകൽ ഒന്നും തന്നെയില്ല. ആയതിനാൽ പ്രതിഫലം കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നവർ ആരെങ്കിലും നിങ്ങളുടെ കൂട്ടത്തിൽ ഉണ്ടോ? ഇത് കേട്ടതും ഹദ്റത്ത് ഉസ്മാൻ എഴുന്നേറ്റു. അദ്ദേഹം തന്റെ സ്വരുക്കൂട്ടിയ സമ്പത്ത് എടുത്ത് പ്രസ്തുത തുക മുസ്‌ലിംകളുടെ ചിലവിലേക്കായി തിരുനബി(സ)ന്റെ സവിധത്തിൽ സമർപ്പിച്ചു. ഇത് കണ്ടപ്പോൾ തിരുനബി(സ) പറഞ്ഞു: ഉസ്മാൻ സ്വർഗം വാങ്ങിയിരിക്കുന്നു. അതുപോലെ ഒരിക്കൽ ഒരു കിണർ വില്പന നടത്തുകയായിരുന്നു. മുസ്‌ലിംകൾക്ക് ആ ദിവസങ്ങളിൽ വെള്ളത്തിന് വലിയ പ്രയാസമായിരുന്നു. ആ സന്ദർഭത്തിൽ തിരുനബി(സ) പറഞ്ഞു: (ദൈവീക) പ്രതിഫലം പറ്റാൻ ആരെങ്കിലും തയ്യാറുണ്ടോ? ഹദ്റത്ത് ഉസ്മാൻ പറഞ്ഞു: യാ റസൂലല്ലാഹ്! ഞാൻ തയ്യാറാണ്. ഞാൻ തയ്യാറാണ്. അങ്ങനെ അദ്ദേഹം ആ കിണർ വാങ്ങി മുസ്‌ലിംകൾക്ക് വേണ്ടി വഖ്ഫ് ചെയ്തു. റസൂൽ

തിരുമേനി(സ) അപ്പോഴും പറഞ്ഞു: ഉസ്മാൻ സ്വർഗം വാങ്ങിയിരിക്കുന്നു. മറ്റൊരു സന്ദർഭത്തിലും റസൂൽ കരീം(സ) ഹദ്റത്ത് ഉസ്മാൻ(റ)നെ സംബന്ധിച്ച് ഇതേ പദങ്ങൾ പറയുകയുണ്ടായി. ചുരുക്കത്തിൽ മൂന്നു സന്ദർഭങ്ങളിൽ ഹദ്റത്ത് ഉസ്മാൻ(റ)നെ സംബന്ധിച്ച് അദ്ദേഹം സ്വർഗം വിലക്ക് വാങ്ങിയിരിക്കുന്നെന്നു തിരുനബി(സ) പറയുകയുണ്ടായി. മറ്റൊരിക്കൽ തിരുനബി(സ) പറഞ്ഞു: ഉസ്മാൻ! അല്ലാഹു നിനക്ക് ഒരു മേലങ്കി അണിയിച്ചു തരുന്നതാണ്. കപടവിശ്വാസികൾ നിന്റെ ഈ വസ്ത്രം അഴിക്കാൻ ആഗ്രഹിക്കുന്നതാണ്. എന്നാൽ നീ ആ മേലങ്കി അഴിക്കരുത്.

ഹദ്റത്ത് അബൂബക്കറിന്റെ ഖിലാഫത്ത് കാലത്ത് സുപ്രധാന കാര്യങ്ങളിൽ അഭിപ്രായം ആരാഞ്ഞിരുന്ന ശൂറയിൽപ്പെട്ട സ്വഹാബാക്കളുടെ ഗണത്തിലാണ് ഹദ്റത്ത് ഉസ്മാൻ ഉണ്ടായിരുന്നത്. ഹദ്റത്ത് അബൂബക്കർ, മതനിരാസം (മുർത്തദ്ദാകൽ) എന്ന് ഫിത്നയെ ഇല്ലാതാക്കിയ ശേഷം റോമിനെ ആക്രമിക്കാനും വിവിധഭാഗങ്ങളിലേക്ക് യോദ്ധാക്കളെ അയക്കാനും തീരുമാനിച്ചു. ഇതുസംബന്ധിച്ച് അദ്ദേഹം ജനങ്ങളോട് അഭിപ്രായം തേടി.. അപ്പോൾ ഹദ്റത്ത് ഉസ്മാൻ പറഞ്ഞു: താങ്കൾ ഈ ദീനിനെ അംഗീകരിക്കുന്നവരുടെ ഗുണകാംക്ഷിയും വാത്സല്യ ഭാജനവും ആകുന്നു. ആയതിനാൽ താങ്കൾ ഈ അഭിപ്രായം പൊതുജന നന്മക്ക് അനുഗുണമാണെന്ന് മനസ്സിലാക്കുന്നുവെങ്കിൽ ഉറച്ച തീരുമാനമെടുക്കുക. കാരണം താങ്കളെ സംബന്ധിച്ച് ദുർധാരണ ഉണ്ടാക്കാൻ സാധ്യമേയല്ല. അതായത് ഹദ്റത്ത് അബൂബക്കറിനോട് പറഞ്ഞു: താങ്കളെ പറ്റി ദുർധാരണ ഉണ്ടാകുന്നതല്ല. തുടർന്ന് ആ സദസിൽ ഉണ്ടായിരുന്ന മുഹാജിരീംകളും അൻസ്വാറുകളുമായ മുതിർന്ന സ്വഹാബാക്കൾ പറഞ്ഞു; ഉസ്മാൻ പറഞ്ഞതാണ് വാസ്തവം. താങ്കൾ എന്താണോ ഉചിതമായി കരുതുന്നത്, അത് ചെയ്തുകൊള്ളുക. ഞങ്ങൾ താങ്കളെ എതിർക്കുകയോ, താങ്കൾക്ക് മേൽ ആക്ഷേപം ഉന്നയിക്കുകയോ ചെയ്യുന്നതല്ല. ഹദ്റത്ത് അബൂബക്കർ, ഹദ്റത്ത് അവാൻ ബിൻ സഈദിനു ശേഷം ആരെയാണ് ബഹ്റയ്ന്റെ ഗവർണറായി നിശ്ചയിക്കേണ്ടതെന്ന് സ്വഹാബാക്കളോട് കൂടിയാലോചന നടത്തി.അപ്പോൾ ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ പറഞ്ഞു: തിരുനബി(സ) ബഹ്റയ്നിൽ ഗവർണർ ആക്കിയ ആളെ തന്നെ നിശ്ചയിക്കുക. അദ്ദേഹം അവർ ഇസ്‌ലാം സ്വീകരിക്കുന്നതിനും അനുസരിക്കുന്നതിനും നിമിത്തമായിരുന്നു. അദ്ദേഹം അവരെ പറ്റിയും ആ നാടിനെ കുറിച്ചും അറിവുള്ള ആളാകുന്നു. അത് അലാ ബിൻ ഹദ്റമി ആകുന്നു. തുടർന്ന് ഹദ്റത്ത് അബൂബക്കർ അലാ ബിൻ ഹദ്റമിയെ ബഹ്റയ്നിലേക്ക് അയക്കുന്നതിന് സമ്മതം നൽകുകയുണ്ടായി.

ഹദ്റത്ത് ഇബ്നു അബ്ബാസ് നിവേദനം ചെയ്യുന്നു: ഹദ്റത്ത് അബൂബക്കറിന്റെ ഖിലാഫത്ത് കാലത്ത് ഒരിക്കൽ വരൾച്ച ഉണ്ടായി. തദവസരത്തിൽ ഹദ്റത്ത് ഉസ്മാന്റെ 100 ഒട്ടകങ്ങളുടെ കച്ചവടസംഘം ഗോതമ്പും മറ്റ് ഭക്ഷണ സാമഗ്രികളുമായി സിറിയയിൽനിന്ന് മദീനയിലെത്തി. അതേക്കുറിച്ച് അറിഞ്ഞപ്പോൾ ജനങ്ങൾ ഹദ്റത്ത് ഉസ്മാന്റെ വാതിൽക്കലെത്തി. വാതിൽ മുട്ടുവാൻ തുടങ്ങി. പറഞ്ഞു: അത് താങ്കൾ ഞങ്ങൾക്ക് വിൽക്കുകയാണെങ്കിൽ അത് ഞങ്ങൾ അഗതികൾക്കും അശരണർക്കും വിതരണം ചെയ്യുന്നതാണ്. ഹദ്റത്ത് ഉസ്മാൻ പറഞ്ഞു: ഇതിന് നിങ്ങൾ എനിക്ക് എത്ര ലാഭം തരും? അവർ പറഞ്ഞു: പത്തിന് പന്ത്രണ്ട് തരാം. ഹദ്റത്ത് ഉസ്മാൻ പറഞ്ഞു: എനിക്ക് ഇതിനേക്കാൾ കൂടുതൽ കിട്ടാറുണ്ട്. അപ്പോൾ അവർ പറഞ്ഞു: ഞങ്ങൾ 10 നു പകരം 15 തരാം. ഹദ്റത്ത് ഉസ്മാൻ പറഞ്ഞു: എനിക്ക് ഇതിലും വളരെ കൂടുതൽ കിട്ടാറുണ്ട്. കച്ചവടക്കാർ പറഞ്ഞു: അബൂ അംറ്! മദീനയിൽ ഞങ്ങളെ കൂടാതെ മറ്റൊരു കച്ചവടക്കാരനും ഇല്ല. ഇതിനേക്കാൾ കൂടുതൽ താങ്കൾക്ക് ആരാണ് നൽകുന്നത്? ഹദ്റത്ത് ഉസ്മാൻ പറഞ്ഞു: അല്ലാഹു എനിക്ക് ഓരോ ദിർഹമിന് പകരം 10 മടങ്ങ് അധികമായി നൽകുന്നു. നിങ്ങൾക്ക് ഇതിനേക്കാൾ കൂടുതൽ തരാൻ കഴിയുമോ? അവർ പറഞ്ഞു: ഇല്ല. ഞങ്ങൾക്ക് ഇതിനേക്കാൾ കൂടുതൽ നൽകാൻ സാധ്യമല്ല. അപ്പോൾ ഹദ്റത്ത് ഉസ്മാൻ പറഞ്ഞു: ഞാൻ അല്ലാഹുവിനെ സാക്ഷിയാക്കി കൊണ്ട് ഈ ധാന്യം മുഴുവനും മുസ്‌ലിം സാധുക്കൾക്കു വേണ്ടി സ്വദഖയായി നൽകുന്നു. ഹദ്റത്ത് ഇബ്നു അബ്ബാസ് പറയുന്നു: ആ ദിവസം രാത്രിയിൽ ഞാൻ റസൂലുല്ലാഹ്(സ)നെ സ്വപ്നത്തിൽ കണ്ടു. തിരുനബി(സ) അനറബി കുതിരപ്പുറത്ത് യാത്ര ചെയ്യുന്നു. തിരുനബി പ്രകാശത്തിന്റെ മേലങ്കി ധരിച്ചിരുന്നു. തിരുനബി(സ)ന്റെ കാലുകളിൽ പ്രകാശത്തിന്റെ ചെരിപ്പുകളും കയ്യിൽ പ്രകാശത്തിന്റെ വടിയുമുണ്ട്. തിരുനബി(സ) വളരെ ധൃതിയിൽ ആണ്. ഞാൻ ചോദിച്ചു: ഞാൻ അങ്ങയേയും അങ്ങയോടുള്ള സംസാരത്തേയും വളരെ താല്പര്യപൂർവം പ്രതീക്ഷിച്ചിരിക്കുകയാണ്. അങ്ങ് ഇത്ര ധൃതിയിൽ എങ്ങോട്ടാണ് പോകുന്നത്? തിരുനബി(സ) പറഞ്ഞു: ഇബ്നുഅബ്ബാസ്! ഉസ്മാൻ ഒരു സ്വദഖ ചെയ്തിരിക്കുന്നു. അല്ലാഹു അത് സ്വീകരിക്കുകയും സ്വർഗത്തിൽ അദ്ദേഹത്തിന്റെ വിവാഹം നടത്തുകയും നമ്മെ വിവാഹത്തിൽ പങ്കെടുക്കാൻ ക്ഷണിക്കുകയും ചെയ്തിരുന്നു.

ഹദ്റത്ത് ഉസ്മാന്റെ ഖിലാഫത്തിനെ പറ്റി തിരുനബി(സ)ന്റെ പ്രവചനവും ഉണ്ട്. ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് വിവരിക്കുന്നു: റസൂലുല്ലാഹ്(സ) പറഞ്ഞു: ഇന്ന് രാത്രി ഞാൻ ഒരു സുകൃതവാനായ മനുഷ്യനെ സ്വപ്നത്തിൽ കണ്ടു. ഹദ്റത്ത് അബൂബക്കറിനെ തിരുനബി(സ) താനുമായും ഹദ്റത്ത് ഉമറിനെ ഹദ്റത്ത് അബൂബക്കറുമായും ഹദ്റത്ത് ഉസ്മാനെ ഹദ്റത്ത് ഉമറുമായും ചേർത്തിരിക്കുന്നു. ഹദ്റത്ത് ജാബിർ വിവരിക്കുന്നു : ഞങ്ങൾ തിരുനബി(സ)ന്റെ സദസ്സിൽ നിന്നു എണീറ്റതിനുശേഷം ഞങ്ങൾ പറഞ്ഞു: സുകൃതവാനായ ആൾ റസൂലുല്ലാഹ്(സ) ആകുന്നു. ചിലരെ ചിലരുമായി ചേർത്തു പറഞ്ഞതിന്റെ അർഥം ഇവരാണ് ഇക്കാര്യത്തിൽ അതായത് അല്ലാഹു തിരുനബി(സ)നെ നിയോഗിച്ചയച്ച ദീനിന്റെ കാര്യത്തിൽ സംരക്ഷകരാകുക.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്, ഹദ്റത്ത് ഉമറിന്റെ വഫാത്തിനേയും ഹദ്റത്ത് ഉസ്മാൻ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടതിനേയും സംബന്ധിച്ച് പറയുന്നു: ഹദ്റത്ത് ഉമറിന് പരിക്കേറ്റപ്പോൾ തന്റെ അവസാന സമയം സമാഗതമായെന്ന് അദ്ദേഹത്തിന് മനസ്സിലായി. തുടർന്ന് അദ്ദേഹം 6 പേരെ നിയമിച്ചുകൊണ്ട് അവരിൽ ഒരാളെ ഖലീഫയാക്കാൻ ഒസ്യത്ത് ചെയ്തു. ആ ആറുപേർ ഇവരാണ്; ഹദ്റത്ത് ഉസ്മാൻ, ഹദ്റത്ത് അലി, ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്, ഹദ്റത്ത് സഅദ് ബിൻ വഖാസ്, ഹദ്റത്ത് സുബയ്ർ, ഹദ്റത്ത് ത്വൽഹ. അതോടൊപ്പം ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമറിനേയും ഉൾപ്പെടുത്താൻ

നിർദ്ദേശിച്ചു. എന്നാൽ ഖിലാഫത്തിന് അർഹത നൽകിയില്ല.

ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ ഹിജ്റ 23 ദുൽഹജ്ജ 29 തിങ്കളാഴ്ചയാണ് ബയ്അത്ത് സ്വീകരിച്ചത്. ഹദ്റത്ത് ഉസ്മാൻ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ് പറഞ്ഞു: ഞങ്ങൾ ബാക്കിയായ ആളുകളിൽ ഏറ്റവും നല്ല വ്യക്തിയേയാണ് തിരഞ്ഞെടുത്തത്. ഞങ്ങൾ തെരഞ്ഞെടുപ്പിൽ യാതൊരു കോട്ടവും വരുത്തിയിട്ടില്ല.

ബദർ ബിൻ ഉസ്മാൻ തന്റെ പിതൃവ്യനിൽ നിന്ന് നിവേദനം ചെയ്യുന്നു; ശൂറ അംഗങ്ങൾ ഹദ്റത്ത് ഉസ്മാന് ബയ്അത്ത് ചെയ്തു. അദ്ദേഹം അവരിൽ ഇതിൽ ഏറെ ഖിന്നനായിട്ടാണ് പുറത്തേക്ക് വന്നത്. തുടർന്ന് അദ്ദേഹം മിമ്പറിൽ വന്ന് ജനങ്ങളെ സംബോധന ചെയ്തു. അദ്ദേഹം അല്ലാഹുവിനെ സ്തുതിക്കുകയും തിരുനബി(സ)ന് മേൽ സ്വലാത്ത് ചൊല്ലുകയും ചെയ്തശേഷം പറഞ്ഞു: നിങ്ങൾ തീർച്ചയായും ഉപേക്ഷിച്ചു പോകേണ്ട ഒരു ഭവനത്തിലാകുന്നു. നിങ്ങൾ ആയുസ്സിന്റെ അവസാനത്തിൽ ആകുന്നു. ആയതിനാൽ മരണത്തിനു മുമ്പേ സാധ്യമാകുന്നത്ര നന്മകൾ ചെയ്തു കൊള്ളുക. തീർച്ചയായും നിങ്ങൾ മരണത്തിന്റെ വലയത്തിലാകുന്നു. ഈ ശത്രു രാവിലെ അല്ലെങ്കിൽ വൈകിട്ട് നിങ്ങളെ ആക്രമിക്കുന്നതാണ്. ഓർക്കുക! തീർച്ചയായും ഭൗതിക ലോകം വഞ്ചനയും ചതിയും കൊണ്ട് അലംകൃതമാകുന്നു. ആയതിനാൽ അല്ലാഹുവിനെ സംബന്ധിച്ച് ഭൗതിക ലോകം നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ. കൊടിയ വഞ്ചകനായ ശയ്ത്വാൻ നിങ്ങളെ ഒരിക്കലും വഞ്ചനയിൽ അകപ്പെടുത്താതിരിക്കട്ടെ. കഴിഞ്ഞകാല ആളുകളിൽ നിന്ന് പാഠം ഉൾക്കൊള്ളുവിൻ! പിന്നെ നല്ലപോലെ പ്രയത്നിക്കുവിൻ! അശ്രദ്ധരാകരുത്! കാരണം അല്ലാഹു നിങ്ങളെ സംബന്ധിച്ച് അശ്രദ്ധനല്ല. ഭൂമിയെ പിളർത്തി അവയിൽ വസിക്കുകയും ഒരു നീണ്ട കാലം അതിൽ നിന്ന് പ്രയോജനമെടുക്കുകയും ചെയ്തവരും അവരുടെ സഹോദരങ്ങളും ഇന്നെവിടെ? അവൻ അവരെ പുറത്തേക്കെടുത്ത് എറിഞ്ഞില്ലേ? ആയതിനാൽ അല്ലാഹു വലിച്ചെറിഞ്ഞിടത്ത് നിങ്ങളും ഈ ലോകത്തെ ഉപേക്ഷിക്കുവിൻ! ആഖിറത്ത്(പരലോകം) കാംക്ഷിക്കുവിൻ!

ഹദ്റത്ത് ഉസ്മാന്റെ ഖിലാഫത്ത് കാലത്ത് ഇനി പറയുന്ന സ്ഥലങ്ങളിൽ അല്ലാഹു മുസ്‌ലിംകളെ വിജയം കൊണ്ട് അനുഗ്രഹിക്കുകയുണ്ടായി.

ആഫ്രിക്കൻ വിജയം – ഇത് അൽജീരിയയുടേയും മൊറാക്കഷിന്റേയും പ്രദേശമാകുന്നു. പിന്നെ സ്പെയിൻ വിജയം, ഖബ്റസ് അഥവാ സൈപ്രസ് വിജയങ്ങൾ. ത്വിബ്രിസ്ഥാൻ വിജയം.സവാരീ, അർമീനിയ, ഖുറാസാൻ വിജയങ്ങൾ. റോമിലേക്കുള്ള മുന്നേറ്റം, താൽഖിയാൻ, ഖിർയാബ്, ജോ സാജാൻ, തഖാരിസ്ഥാൻ വിജയങ്ങൾ. ബലഖ് നീക്കം. ഇവ കൂടാതെ ഹദ്റത്ത് ഉസ്മാന്റെ കാലത്ത് ഇന്ത്യയിലും ഇസ്‌ലാമിന്റെ ആഗമനം ഉണ്ടായെന്ന പരാമർശം കാണ പ്പെടുന്നു.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് പറഞ്ഞു; ദുആകൾക്ക് വേണ്ടി ഇന്നും ശ്രദ്ധ ക്ഷണിക്കുകയാണ്. പാകിസ്ഥാനിലെ അഹ്മദികൾക്ക് വേണ്ടി ദുആ ചെയ്തു കൊണ്ടിരിക്കുക. അല്ലാഹു അവരുടെ അവസ്ഥകൾ നന്നാക്കുമാറാകട്ടെ. പാകിസ്ഥാനിൽ വസിക്കുന്ന അഹ്മദികൾക്കും ദുആ ചെയ്യാൻ തൗഫീഖ് ലഭിക്കുമാറാകട്ടെ. അല്ലാഹുവുമായി ബന്ധം വർധിപ്പിക്കാനും തൗഫീഖ് ലഭിക്കുമാറാകട്ടെ. അല്ലാഹു അന്ധകാരത്തിന്റെ ദിവസങ്ങളെ പ്രകാശത്തിലേക്ക് മാറ്റുമാറാകട്ടെ. നമുക്ക് അവിടെയുള്ള അഹ്മദികളേയും സ്വതന്ത്രമായി തങ്ങളുടെ കടമകൾ നിർവഹിക്കുന്നത് കാണാൻ സൗഭാഗ്യം നൽകുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifatul Masih Al-khamis (atba)**
at Mubarak Mosque, Islamabad, UK – on 05.02.2021
Malayalam Translation: **H.Shamsuddin, Kavassery** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516